# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 281 08.02.2016-ൽ മറുപടിയ്ക്ക്

### ലോക്കപ്പ് മർദ്ദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ആർ. രാജേഷ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നടന്ന ലോക്കപ്പ് മർദ്ദനം, ആത്മഹത്യ, കൊലപാതകം ഇവ ഓരോന്നും എത്ര വീതമെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വിശദമാക്കുമോ ; | (എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിൽ (1) വനിതകൾ കൊല്ലപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; (2) പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൊല്ലപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിൽ വനിതകളോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരോ കൊല്ലപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിലെ മരണവും ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് എത്ര പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് ; എത്ര പേർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് ; | (സി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിലെ മരണവും ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് 6 പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. 10 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പീഡനത്തെത്തുടർന്ന് എത്ര ആത്മഹത്യകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതേ തുടർന്ന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പീഡനത്തെ തുടർന്ന് ആരും ആത്മഹത്യ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പോലീസ് സ്റ്റേഷൻ | ലോക്കപ്പ് മർദ്ദനം/ആത്മഹത്യ/ കൊലപാതകം |
|---|---|---|
| 1 | തുമ്പ | ആത്മഹത്യ - 1 |
| 2 | ആറ്റിങ്ങൽ | ലോക്കപ്പ് മർദ്ദനം - 1 |
| 3 | ആലപ്പുഴ സൗത്ത് | ലോക്കപ്പ് മർദ്ദനം - 1 |
| 4 | ചങ്ങരംകുളം | ആത്മഹത്യ - 1 |

സെക്ഷൻ ഓഫീസർ